| 1 | 2 | 3 |
|---|---|---|
| പത്തനംതിട്ട | 26507 | 56.4701 |
| ആലപ്പുഴ | 58508 | 119.4298 |
| കോട്ടയം | 56541 | 147.4244 |
| ഇടുക്കി | 118632 | 223.6097 |
| എറണാകുളം | 35693 | 88.3941 |
| തൃശ്ശൂർ | 38262 | 76.0884 |
| പാലക്കാട് | 135725 | 203.6809 |
| മലപ്പുറം | 37262 | 83.7027 |
| കോഴിക്കോട് | 81192 | 193.7721 |
| വയനാട് | 117318 | 313.9389 |
| കണ്ണൂർ | 144343 | 273.3029 |
| കാസറഗോഡ് | 94285 | 183.5258 |

(ബി) കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) ഇവരുടെ വായ്പകൾക്കു കൂടി കേന്ദ്ര കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള അസസ്സ്മെന്റ് പ്രൊമോഷൻ

22 [4646] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഇപ്പോഴത്തെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ചുമതല എടുത്തതുമുതൽ ഇതുവരെ എത്ര കേസുകൾ കോടതിയിൽ ഉണ്ടായിട്ടുണ്ടെന്നും ഇപ്പോൾ നിലവിലുള്ളത് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കേസ്സിനായി വക്കീൽ ഫീസുൾപ്പെടെ കൗൺസിൽ ചെലവഴിച്ച തുക എത്ര;

(സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ 2003 മുതൽ മുടങ്ങിക്കിടന്ന അസസ്സ്മെന്റ് പ്രമോഷൻ നടത്തിയ സ്ഥാപനങ്ങളിൽ അസസ്സ്മെന്റിന്റെ റിസൾട്ട് ഷീറ്റ് പ്രസിദ്ധീകരിക്കേണ്ട എന്ന് നിർദ്ദേശിച്ചിരുന്നുവോ;

(ഡി) എങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ആകെ കേസുകൾ 26

ഇപ്പോൾ നിലവിലുള്ളത് 10

(ബി) 1,38,000 രൂപ (ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരം രൂപ മാത്രം)

(സി ആന്റ് ഡി) എല്ലാ സ്ഥാപനങ്ങളുടേയും അസസ്സ്മെന്റ് റിസൾട്ട് ഒന്നായി പ്രസിദ്ധീകരിക്കുന്നതിനായി, അസസ്സ്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതുവരെ, സീൽ ചെയ്ത കവറുകളിൽ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## ഇന്റർവ്യൂ കഴിഞ്ഞ് പ്രസിദ്ധീകരിക്കുവാനുള്ള റാങ്ക് ലിസ്റ്റ്

23 [4647] ശ്രീ. കെ. സി. ജോസഫ്:
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-5-2009-ലെ കണക്കനുസരിച്ച് പി.എസ്.സി. ഇന്റർവ്യൂ കഴിഞ്ഞ് എത്ര തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാനുണ്ട്;

(ബി) ഇന്റർവ്യൂ പൂർത്തിയാക്കിയശേഷം ഈ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാതായിട്ട് എത്ര കാലമായി എന്ന് അറിയിക്കുമോ;

(സി) ഈ തസ്തികകളിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇന്റർവ്യൂ കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കാലതാമസം വരുത്തണമെന്ന് ഗവൺമെന്റ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടുവാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള ഉത്തരവാദിത്വം ആർക്കെന്ന് പറയുമോ?

## ഉത്തരം

(എ മുതൽ ഇ വരെ) വിവരം ശേഖരിച്ചു നൽകുന്നതാണ്.